LIBRARY ARCHIVES Kerala Legislative Assembly

കളക്കട-പവിത്രേശ്വരം പദ്ധതി

132 (2341) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിൽ വാട്ടർ അതോറിറ്റി പ്രോജക്ട്സ് ഡിവിഷൻ നടപ്പിലാക്കി വരുന്ന കളക്കട-പവിത്രേശ്വരം പദ്ധതി നിർമ്മാണം ആരംഭിച്ചത് എന്നാണ് ; പദ്ധതി നിർമ്മാണം പൂർത്തീകരിക്കേണ്ടത് എന്നായിരുന്നു ;

(ബി) പദ്ധതി പ്രകാരം അവശേഷിക്കുന്ന നിർമ്മാണ പ്രവൃത്തികൾ എന്തെല്ലാമാണ്; വ്യക്തമാക്കുമോ?

ഉത്തരം

(എ) കളക്കട-പവിത്രേശ്വരം പദ്ധതി നിർമ്മാണം 02/2010-ൽ ആരംഭിച്ചു 12/2013-ൽ ആയിരുന്നു നിർമ്മാണം പൂർത്തീകരിക്കേണ്ടിയിരുന്നത്.

(ബി) ഈ പദ്ധതിയുടെ ഒന്നാം ഘട്ടം 27-12-2014-ൽ കമ്മീഷൻ ചെയ്തു. പദ്ധതിയുടെ രണ്ടാം ഘട്ടമായി ജലവിതരണ ശൃംഖല മുഴുവനായി എത്തിയിട്ടില്ലാത്ത ടി പഞ്ചായത്തുകളിലെ അവശേഷിക്കുന്ന എല്ലാ വാർഡുകളിലും ജലവിതരണം നടത്തുന്നതിനായി ടി പ്രദേശങ്ങളിൽ സർവ്വേ നടത്തി വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

തടയണകളുടെ നിർമ്മാണം

133 (2342) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തടയണകളുടെ നിർമ്മാണത്തിന് ഈ സാമ്പത്തിക വർഷത്തെ പദ്ധതിയിൽ തുക വകയിരുത്തിയിട്ടുണ്ടോ ;

(ബി) എങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) ചേലക്കര മണ്ഡലത്തിൽ ഫണ്ട് ലഭ്യമല്ല എന്ന കാരണത്താൽ മുടങ്ങിക്കിടക്കുന്ന ചെറുതുരുത്തി തടയണ നിർമ്മാണം ജലവിഭവ വകുപ്പിന്റെ പദ്ധതിയിൽ ഉൾപ്പെടുത്തി പൂർത്തിയാക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ & ബി) 2015-16 ലെ ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടില്ല. എന്നാൽ നബാർഡ് പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകുന്ന കാര്യം പരിശോധിച്ചു വരുന്നു.